തീരുമാനം. അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന അസംസ്കൃത വസ്തുക്കൾക്ക് നിലവിലുള്ള വാറ്റ് നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുകയില്ല. എന്നാൽക്കൂടി മറ്റ് സംസ്ഥാനങ്ങളിൽ ടി വസ്തുക്കൾക്ക് ചുമത്തിയ നികുതിക്ക് ആ സംസ്ഥാനങ്ങളിൽ നിന്ന് അന്തർ സംസ്ഥാന വില്പന നടത്തുമ്പോൾ പൂർണ്ണമായും ഇൻപുട്ട് ക്രെഡിറ്റ് കിട്ടുന്നതുകൊണ്ടുതന്നെ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കിന്റെ വിലയിൽ കുറവു വരുന്നതാണ്.

ഭൂമിക്ക് ന്യായവില നിർണ്ണയം

*16 [667] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചതിനുശേഷം ഇക്കാര്യത്തിൽ സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാടെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിക്ക് ന്യായവില നടപ്പിലാക്കിയ സമയത്ത് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വർദ്ധനവുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വർദ്ധനവിന്റെ തോതെത്ര?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (*ശ്രീ. സി. എഫ്. തോമസ്*):

(എ) പൊതുജനങ്ങളുടെ ആക്ഷേപത്തെ തുടർന്ന് ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിച്ച് പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും കേൾക്കുന്നതിനായി കരട് ആയി പുനഃപ്രസിദ്ധീകരിച്ചു. കരട് ന്യായവിലകളുടെ ന്യൂനതകൾ പരിഹരിക്കുന്ന ജോലി റവന്യൂ ഡിവിഷണൽ ഓഫീസർ തലത്തിൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

*17 [668] *ശ്രീ. എ. കെ. ബാലൻ:*
ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
" *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, വിപുലീകരിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly